**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 453** **08-10-2024 - ൽ മറുപടിയ്ക്ക്**

**കന്നിപ്പുറം പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തി ആയ കന്നിപ്പുറം പാലം നിർമ്മാണത്തിന്റെ ടെണ്ടർ നടപടി വൈകുന്നതിന്റെ കാരണം വിശദമാക്കാമോ; | (എ) | 21/08/2017-ലെ APR-1/76/2017/KIIFB നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം 9.86 കോടി രൂപയ്ക്ക് ധനാനുമതി നൽകിയിരുന്ന നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ കന്നിപ്പുറം പാലം നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട ഭൂമിയേറ്റെടുക്കൽ നടപടികൾ നിലവിൽ പൂർത്തീകരിച്ചിട്ടുള്ളതാണ്. 13/03/2024-ലെ PWD001-05/APR-1/2024/KIIFB നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം ഭൂമിയേറ്റെടുക്കലിനും നിർമ്മാണ പ്രവൃത്തികൾക്കുമുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് കൂടി ഉൾപ്പെടുത്തി ധനാനുമതി 15.17 കോടി രൂപയാക്കി പുതുക്കി നൽകിയിരുന്നു. പ്രസ്തുത ഉത്തരവിൽ പദ്ധതിയുടെ നിർമ്മാണച്ചെലവ് കുറയ്ക്കുന്നതിനുള്ള മാർഗ്ഗങ്ങൾ പരിശോധിച്ച് ഇത് സംബന്ധിച്ച റിപ്പോർട്ട് കിഫ്ബിയ്ക്ക് സമർപ്പിച്ച് പുതുക്കിയ ധനാനുമതി നേടിയ ശേഷം മാത്രമേ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികളിലേക്ക് കടക്കാവൂ എന്നും നിർവ്വഹണ ഏജൻസിയായ KRFB-യ്ക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ചെലവ് കുറയ്ക്കുന്നതിനുള്ള സാധ്യത പരിശോധിക്കുവാൻ KRFB 25/06/2024-ന് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗം ചീഫ് എൻജിനീയർക്ക് കത്ത് നൽകി. എന്നാൽ നിലവിലെ ഡിസൈൻ തന്നെ ചെലവ് കുറഞ്ഞതാണെന്നും, നിലവിലെ ഡിസൈനിൽ മാറ്റം വരുത്തുവാൻ മറ്റ് മാർഗ്ഗങ്ങളില്ലെന്നുമാണ് ഡിസൈൻ വിഭാഗം അറിയിച്ചത്. |
| (ബി) | ടെണ്ടർ നടപടി പൂർത്തീകരിച്ച പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയും എന്ന് വിശദമാക്കാമോ? | (ബി) | പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിന്റെ മറുപടി സഹിതം നിർവ്വഹണ ഏജൻസി 26/09/2024-ന് കിഫ്ബിയിൽ സമർപ്പിച്ച പ്രൊപ്പോസൽ നിലവിൽ പരിശോധനയിലാണ്. ആയത് പരിശോധിച്ച് പുതുക്കിയ ധനാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് കിഫ്ബി നടപടികൾ സ്വീകരിക്കുന്നതാണ്. പുതുക്കിയ |

| | | | |
|---|---|---|---|
| | | | ധനാനുമതി ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി ആരംഭിക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ